പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 294 — 13.03.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി യുടെ പുന:രുദ്ധാരണ പ്രവർത്തനങ്ങളുടെ പുരോഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി.ജയരാജൻ<br>" കെ.സുരേഷ് കുറുപ്പ്<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. കെ. ബാബു | എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യെ പുന:രുദ്ധരിക്കുന്നതിനായി നടത്തി വരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്.<br>സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി ഇപ്പോൾ കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി എടുത്തിട്ടുള്ള വായ്പകൾ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് മാറ്റുവാനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. 9% പലിശ നിരക്കിലും 20 വർഷത്തെ തിരിച്ചടവ് കാലാവധിയിലും 3350 കോടി രൂപ അനുവദിക്കാമെന്ന് ബാങ്കുകളുടെ കൺസോർഷ്യം തത്വത്തിൽ സമ്മതിച്ച് കഴിഞ്ഞു. ഇത് യാഥാർത്ഥ്യമായാൽ കെ.എസ്.ആർ.ടി.സിയ്ക്ക് വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം 60 കോടി രൂപ ലാഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പുനരുദ്ധാരണത്തിന്റെ ഭാഗമായി, കെ.എസ്.ആർ.ടി.സി.യുടെ മാനേജ്മെന്റ് തലത്തിൽ കരാർ അടിസ്ഥാനത്തിൽ പ്രൊഫഷണലുകളെ സർക്കാർ നിയമിച്ചിട്ടുണ്ട്. ജീവനക്കാരുടെ ഡ്യൂട്ടി പാറ്റേണിൽ പുനഃക്രമീകരണം നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ പുനഃരുദ്ധാരണം സംബന്ധിച്ച് പ്രൊഫ. സുശീൽ ഖന്ന സമർപ്പിച്ച ഇടക്കാല റിപ്പോർട്ടിലെ ശുപാർശകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നോഡൽ ഓഫീസറായി കോർപ്പറേഷനിലെ ഡെപ്യൂട്ടി ജനറൽ മാനേജർ (ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ) -യെ ചുമതലപ്പെടുത്തിയിട്ടുണ്ട് |

| | | | |
|---|---|---|---|
| (ബി) | കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി യുടെ വരുമാന വർദ്ധനവിനുതകുന്ന എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി.യെ പ്രതിസന്ധിയിൽ നിന്നും രക്ഷിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് വരുമാനം കുറവുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്ത് നിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിയ്ക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചതുംമൂലം കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി ബസ്സുകളിലേക്ക് ആകർഷിക്കുന്നതിലേക്കും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോട് കൂടിയ എയർ എക്സ്പ്രസ് ബസ്സുകളും, സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക |

| | | | |
|---|---|---|---|
| | | | സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേക്ക് പുതിയ സർവ്വീസുകളും, വാരാന്ത്യ പ്രത്യേക അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പ്രീമിയം ബസുകൾ സർവ്വീസ് ഓപ്പറേഷന് ലഭ്യമാക്കുന്നതിനായി വെറ്റ് ലീസ് വ്യവസ്ഥയിൽ പുതിയ 10 സ്കാനിയ ബസ്സുകൾ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്. മെക്കാനിക്കൽ ജീവനക്കാരുടെ ഡ്യൂട്ടി സമയക്രമം, ബസുകൾ സർവീസ് കഴിഞ്ഞു വരുന്ന സമയത്തിനനുസൃതമായി പുനഃക്രമീകരിച്ചതിലൂടെ ജോലി ചെയ്യുന്നതിന് വാഹനം ലഭിക്കാതെ ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. മെക്കാനിക്കൽ ജീവനക്കാരുടെ അധ്വാനഭാരം കുറയ്ക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. ഫ്ലോട്ട് സംവിധാനത്തിൽ വാഹന ഘടകങ്ങൾ സ്പെയർ ആയി ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചു. ഇത്തരം നടപടികളിലൂടെ ഓഫ്-റോഡ് നിരക്ക് കുറയ്ക്കുന്നതിനും ഫ്ലീറ്റ് യൂട്ടിലൈസേഷൻ വർദ്ധിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗത്തിൽ വർക്ക് നോംസ് പരിഷ്കരിച്ച് ഉല്‌പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും, മനുഷ്യപ്രയത്നം കുറയ്ക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരളാ സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇന്ധനക്ഷമത ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇതിന്റെ ഭാഗമായി ഓരോ അസി. വർക്സ് മാനേജർ (മെയിന്റനൻസ്)-മാരുടെയും കീഴിൽ ഫ്യൂവൽ സെൽ രൂപീകരിക്കുകയും, ഒരു അസി. വർക്സ് മാനേജരെ ഫ്യൂവൽ സെല്ലിനു മാത്രമായി നിയോഗിക്കുകയും ചെയ്തു. ജീവനക്കാർക്ക് പ്രചോദനം എന്ന നിലയിൽ 5 കി.മീ.-നു മുകളിൽ ഇന്ധനക്ഷമത കൈവരിക്കുന്ന ഡ്രൈവർമാർക്ക് 100 |

| | | | |
|---|---|---|---|
| | | | രൂപയുടെ പ്രതിദിന ഇൻസെന്റീവ് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വാഹന നിർമാതാക്കളുടെ പരിശീലന കേന്ദ്രങ്ങളിലേക്ക് ഡ്രൈവർമാരെ നിയോഗിച്ച് ഇന്ധനക്ഷമതയും മെച്ചപ്പെട്ട ഡ്രൈവിംഗും കൈവരിക്കുന്നതിനായും പരിശീലനം നൽകി വരുന്നുണ്ട്. കാലാവധി പൂർത്തിയാക്കിയ പഴയ ബസുകൾ മാറ്റുന്നതിനും കൂടുതൽ പുതിയ സർവീസുകൾ ആരംഭിച്ച് വരുമാനം ഉയർത്തുന്നതിനുമായി 900 ഡീസൽ ബസുകൾ വാങ്ങുന്നതിന് കിഫ്ബിയിൽ നിന്നും 324 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (സി) | ജീവനക്കാരുടെ ജോലിയും ജോലിസമയവും ഉചിതമായ വിധത്തിൽ പുന:ക്രമീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | കെ.എസ്.ആർ.ടി.സി.യുടെ സമഗ്ര പുനഃരുദ്ധാരണത്തിന്റെ ഭാഗമായി ഓഫീസർമാരുടെയും, എല്ലാ വിഭാഗം ജീവനക്കാരുടെയും ജോലി സമയം ഉചിതമായ വിധത്തിൽ പുനഃക്രമീകരിച്ചിട്ടുണ്ട്. കൂടാതെ സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കുകയും, ഷെഡ്യൂളുകൾ വരുമാന വർദ്ധനവിനുതകുന്നരീതിയിൽ പുനഃക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്. മുഴുവൻ ഷെഡ്യൂളുകളും സിംഗിൾ ഡ്യൂട്ടികളായി പുനഃക്രമീകരിക്കുവാനുള്ള നടപടികൾ ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. മെക്കാനിക്കൽ ജീവനക്കാരുടെ ഡ്യൂട്ടി സമയക്രമം, ബസുകൾ സർവീസ് കഴിഞ്ഞു വരുന്ന സമയത്തിനനുസൃതമായി പുനഃക്രമീകരിച്ചതിലൂടെ ജോലി ചെയ്യുന്നതിന് വാഹനം |

| | | | |
|---|---|---|---|
| | | | ലഭിക്കാതെ ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. |
| (ഡി) | വാഹന ഉപയോഗ നിരക്കും ഇന്ധനക്ഷമതയും ദേശീയ ശരാശരിയിൽ എത്തിക്കുന്നതിന് പരീക്ഷണാർത്ഥം നടത്തുന്ന പുന:ക്രമീകരണങ്ങൾ ജീവനക്കാരുടെ ജോലിയിലും കോർപ്പറേഷന്റെ വരുമാനത്തിലും മാറ്റമുണ്ടാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ഉണ്ട്.<br>മെക്കാനിക്കൽ ജീവനക്കാരുടെ ജോലി സമയക്രമം ബസുകൾ സർവീസ് കഴിഞ്ഞു വരുന്ന സമയത്തിനനുസൃതമായി പുനഃക്രമീകരിച്ചു. വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ രാത്രി കാലത്ത് ആക്കി. ഇതു വഴി ഫ്ളീറ്റ് യൂട്ടിലൈസേഷൻ ഉയർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ഇന്ധനക്ഷമത ദേശീയ ശരാശരിയിലേക്ക് ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ അസി. വർക്ക്സ് മാനേജർ (മെയിന്റനൻസ്)-മാരുടെയും കീഴിൽ ഫ്യൂവൽ സെൽ രൂപീകരിക്കുകയും, ഒരു അസി. വർക്ക്സ് മാനേജരെ ഫ്യൂവൽ സെല്ലിനു മാത്രമായി നിയോഗിക്കുകയും ചെയ്തു. ജീവനക്കാർക്ക് പ്രചോദനം എന്ന നിലയിൽ അഞ്ചു കി.മീ.നു മുകളിൽ ഇന്ധനക്ഷമത കൈവരിക്കുന്ന ഡ്രൈവർമാർക്ക് 100 രൂപ യുടെ പ്രതിദിന ഇൻസെന്റീവ് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ